2015-16-ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ ബഹു. എം.പി.-മാർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ ഭാഗമായി കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷൻ നവീകരണത്തിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഇക്കാര്യം വീണ്ടും റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) രണ്ട് പോലീസുകാരെ നിയമിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് എയ്ഡ്പോസ്റ്റ് 5-2-2015 മുതൽ കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ പ്രവർത്തിച്ചു വരുന്നു.

കഞ്ചിക്കോട് റെയിൽവേ കോച്ച്ഫാക്ടറി

38 (5842) ശ്രീ. എം. ചന്ദ്രൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഞ്ചിക്കോട് റെയിൽവേ കോച്ച്ഫാക്ടറി, നിലവിലെ സാഹചര്യത്തിൽ എന്ന് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത കോച്ച്ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് സമീപകാലത്ത് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോച്ച്ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് നിലവിലെ തടസ്സമെന്തെന്നും പ്രസ്തുതതടസ്സം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫാക്ടറി JV/PPP രീതിയിൽ നിർമ്മിക്കാനാണ് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. 239 ഏക്കർ ഭൂമി ഇതിനായി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്വകാര്യ സംരംഭകനെ കേന്ദ്രസർക്കാർ തീരുമാനിച്ച് പദ്ധതി നിർമ്മാണം ആരംഭിച്ചതിനുശേഷമേ ഫാക്ടറി എന്നുപൂർത്തിയാകുമെന്ന് അറിയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രസർക്കാരിന്റെ ഏറ്റവും ഉന്നതതലത്തിലുള്ള ശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റെയിൽവേ ബഡ്ജറ്റിനു മുന്നോടിയായി 2015-16-ൽ സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായകാര്യങ്ങൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ, 8-6-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ 0.63 ഏക്കർ ഭൂമികൂടി റെയിൽ കോച്ച് ഫാക്ടറി നിർമ്മിക്കുന്നതിനായി സെന്റിന് 100 രൂപ പാട്ടനിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

(സി) ഫാക്ടറി സ്ഥാപിക്കുന്നതിനായി സ്വകാര്യ സംരംഭകനെ കേന്ദ്രസർക്കാർ നിശ്ചയിക്കാത്തതാണ് പ്രധാന തടസ്സം. കൂടാതെ ഫാക്ടറി സ്ഥാപിക്കുന്നതിന് റെയിൽവേ ആവശ്യപ്പെട്ട ഭൂമിയിൽ 92.75 ഏക്കർ വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനും താമസം നേരിടുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഏറ്റവും ഉന്നതതലത്തിലുള്ള ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നും വരുന്ന സാമ്പത്തിക വർഷമെങ്കിലും നിർമ്മാണം ആരംഭിക്കാനാവശ്യമായ വകയിരുത്തലുകൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ വരുത്തണമെന്നും കേന്ദ്ര റെയിൽവേ ബഡ്ജറ്റിനുമുന്നോടിയായി 2015-16-ൽ സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്താൻ നടപടി

39 (5844) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. സാജു പോൾ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലിനീകരണനിയന്ത്രണ സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly